# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 106 — 12.06.2014 ൽ മറുപടിക്ക്

## നെല്ലുസംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. വി.ഡി. സതീശൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സ്പ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ല് സംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2005 - 2006 സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ കർഷകരിൽ നിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നുണ്ട്. 17.0[illegible].2012 ലെ GO(MS)31/2012/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (2012-2013 ഒന്നാം സീസൺ മുതൽ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. 2013 - 14 ഒന്നാം സീസൺ മുതൽ കർഷകർക്ക് ഓൺലൈൻ വഴി നേരിട്ടുള്ള രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കി. ഇതു പ്രകാരം ഇന്റർനെറ്റ് സൗകര്യമുള്ള എവിടെ നിന്നും കർഷകർക്ക് ഓൺലൈൻ അപേക്ഷ അനുസരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ലഭ്യമാകുന്ന പ്രിന്റ് എടുത്ത് കൈയ്യൊപ്പ് പതിച്ച് അനുബന്ധ രേഖകൾ സഹിതം കൃഷിഭവനിൽ ഏൽപ്പിക്കണം. ഈ അപേക്ഷ കൃഷി ഭവൻ ഉദ്യോഗസ്ഥർ പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും അപേക്ഷകൾ പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് കൈമാറുന്നതുമാണ്. പാഡി മാർക്കറ്റിംഗ് ഓഫീസർ അപേക്ഷയിൽ തുടർനടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ, തിരിച്ചറിയൽ നമ്പർ നൽകുന്നതും അത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്. ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ തുടർന്ന് അറിയുന്നതിന് വെബ് സൈറ്റിലുള്ള "പൊതുവിവരങ്ങൾ" ക്ലിക്ക് ചെയ്താൽ മതിയാകും. |

(സി) എത്ര നെൽ കർഷ കർക്കാണ് ഇതിന്റെ പ്രയോജനം ലഭി ക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒന്നേമുക്കാൽ ലക്ഷത്തിൽപരം കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നുണ്ട്. ഈ സീസണിൽ (2013 - 14 രണ്ടാം സീസണിൽ) ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത 107440 കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതിവഴി സംഭരിക്കാ നുദ്ദേശിക്കുന്നത്; വിശ ദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതി വഴി 5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ഉദ്ദേശിച്ചിരുന്നത്. 2013-14 ഒന്നാം സീസണിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും 135581 മെ.ടൺ നെല്ലും രണ്ടാം സീസണിൽ ഇതുവരെ 396484 മെ.ടൺ നെല്ലും ഉൾപ്പെടെ ആകെ ഈ സീസണിൽ 532065 മെ.ടൺ നെല്ല് സംഭരിച്ചു കഴിഞ്ഞു.

(ഇ) സംഭരണ വില കർഷ കരുടെ ബാങ്ക് അക്കൗ ണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവി ധാനം ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

(ഇ) കർഷകർ പാഡി റസീറ്റ് ഷീറ്റ് സപ്ലൈകോയുടെ പേയ്മെന്റ് ആഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നെല്ലിന്റെ വില കർഷകന്റെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തു വരുന്നത്. ഈ സംവിധാനം മൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തന്നെ വില ലഭിക്കുന്നു. നെല്ല് നൽകിയ കർഷകരുടെ നെല്ലിന്റെ വില നൽകുന്നത് സംബന്ധിച്ചുള്ള വിവരം വെബ് സൈറ്റിൽ ലഭ്യമായതിനാൽ കർഷകർക്ക് ഇത് ഏതു സമയത്തും കാണാവുന്നതാണ്. കൂടാതെ കഴിഞ്ഞ വർഷം മുതൽ സംഭരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്കു നൽകുവാനായി സപ്ലൈകോയും ബാങ്ക് ഓഫ് ഇൻഡ്യ, കാനറ ബാങ്ക്, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അത് പ്രകാരം കർഷകർ ഹാജരാക്കുന്ന paddy Receipt Sheet സ്വീകരിച്ച് ബാങ്കുകൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് മൂന്നു ദിവസത്തിനകം മാറ്റുകയും ചെയ്തു വരുന്നു.

Beena

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ്- സപ്ലൈകോ വഴി സംസ്ഥാനത്ത് ആവശ്യാനുസരണം നെല്ല് സംഭരിക്കുന്നതിന് വേണ്ട വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ആസൂത്രണം-എ) വകുപ്പ്**

**സ.ഉ.(എം.എസ്) നമ്പർ. 31/2012/കൃഷി തീയതി, തിരുവനന്തപുരം,17/02/2012**

## <u>ഉത്തരവ്</u>

ആലപ്പുഴ, പത്തനംതിട്ട ജില്ലയിലെ കുട്ടനാടൻ മേഖല, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി, മഞ്ചേരി, തിരുനാവായ, വയനാട് എന്നിവിടങ്ങളിൽ മാത്രമാണ് ഇപ്പോൾ സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം നടക്കുന്നത്. സംസ്ഥാനത്തിന്റെ മറ്റ് ജില്ലകളിലും പ്രദേശങ്ങളിലും നെല്ല് സംഭരണം നടക്കാത്തത് മൂലം ഉത്പാദിപ്പിക്കപ്പെട്ട നെല്ല് വളരെയധികം കെട്ടികിടക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വഴി സംസ്ഥാനത്ത് ആവശ്യാനുസരണം നെല്ല് സംഭരിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

കൃഷി ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൊച്ചി
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള
പൊതുഭരണ (എസ്.സി) വകുപ്പ് (15-02-2012 ലെ ഇനം നം. 1232 പ്രകാരം)
ധനകാര്യ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂമീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Beena

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Section officer